**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2237 — 17.06.2014 ൽ മറുപടിക്ക്

**ഇ - പേയ്മെന്റ് ഗേറ്റ് വേ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ.റ്റി.എൻ പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ–പേയ്മെന്റ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ; | (എ) ഇ - പേയ്മെന്റ് ഗേറ്റ് വേ സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) സർക്കാർ സേവനങ്ങൾക്കു വേണ്ടി വരുന്ന പണമിടപാടുകൾ ഏതുസമയവും ഓൺലൈനായി ബാങ്ക് അക്കൗണ്ട് വഴി നൽകാനുള്ള സംവിധാനം ഒരുക്കുക എന്നതാണ് ഇ-പേയ്മെന്റ് ഗേറ്റ് വേയുടെ ഉദ്ദേശ്യം. |
| (സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി അടയ്ക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളതെന്ന് വിശദമാക്കാമോ; | (സി) പ്രധാന ബാങ്കുകളുടെ ഡെബിറ്റ് കാർഡ്, ക്രഡിറ്റ് കാർഡ്, നെറ്റ് ബാങ്കിങ് എന്നിവ ഉപയോഗിച്ച് ഇ-പേയ്മെന്റ് ഗേറ്റ് വേയിലൂടെ പണമിടപാടുകൾ നടത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) സംസ്ഥാന സർക്കാർ പോർട്ടൽ, ഇ - പേയ്മെന്റ് സംവിധാനങ്ങൾ എന്നിവ കേന്ദ്ര വിവര സാങ്കേതിക വിദ്യാ വകുപ്പിന് വേണ്ടി NSDL Database Management Limited (NDML) വികസിപ്പിച്ച പേയ്മെന്റ് ഗേറ്റ് വേയുമായി സംയോജിപ്പിക്കുവാൻ കേരള സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടർക്ക് സർക്കാർ 16-07-13 ൽ അനുമതി നൽകി. 04-09-13 ൽ ഈ പദ്ധതി നടപ്പിൽ വന്നു. സർക്കാരിന്റെ വിവിധ പ്രോജക്ടുകളിൽ ഈ സേവനം നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**